(ബി) അത് റിസർവ്വ് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ടോ;

(സി) ഇതിൽനിന്നും എത്ര തുക പരമ്പരാഗത വ്യവസായത്തിലേർപ്പെട്ടിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകി;

(ഡി) ഒരു തുകയും നൽകാത്തപക്ഷം അതിനുള്ള കാരണമെന്ത്;

(ഇ) കെൽപാം എന്ന പൊതുമേഖലാ സ്ഥാപനം പരമ്പരാഗത വ്യവസായോൽപ്പന്നങ്ങളാണോ ഉൽപ്പാദിപ്പിക്കുന്നത്;

(എഫ്) പരമ്പരാഗത വ്യവസായത്തിലേർപ്പെട്ടിട്ടുള്ള ഈ പൊതുമേഖലാ സ്ഥാപനത്തിന് ഇതിൽനിന്നും എത്ര തുക നൽകാനുദ്ദേശിക്കുന്നു;

(ജി) കെൽപാമിന് കൊടുക്കാനുദ്ദേശിക്കുന്ന തുക കാലതാമസം കൂടാതെ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) തുകയൊന്നും അനുവദിച്ച് കിട്ടിയിട്ടില്ല.

(ഇ) കെൽപാം പനയുമായി ബന്ധപ്പെട്ട വ്യവസായ മേഖലയിലാണ് പ്രവർത്തിക്കുന്നത്. പനനാരുപയോഗിച്ച് വിവിധതരം കരകൗശല വസ്തുക്കളും പനയിൽനിന്ന് എടുക്കുന്ന അക്കാനി ഉപയോഗിച്ച് പാംലഹർ, കരുപ്പട്ടി, പനംകൽക്കണ്ടം എന്നീ ഉൽപ്പന്നങ്ങളും ഉണ്ടാക്കുന്നു.

(എഫ് ആന്റ് ജി) എ വിഭാഗത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം ജില്ലയിലെ കിൻഫ്ര പാർക്കുകൾ

4 [3011] ശ്രീ. വി. ജെ. പൗലോസ്:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. തമ്പാനൂർ രവി:

,, ലൂഡി ലൂയിസ്:

,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കിൻഫ്ര എത്ര വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇവയിൽ ഓരോന്നിലും എത്ര യൂണിറ്റുവീതം സ്ഥാപിക്കുവാനുള്ള സൗകര്യമുണ്ട്;

(സി) ഇപ്പോൾ എത്ര യൂണിറ്റുവീതം പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാടകയിനത്തിൽ ഈ പാർക്കുകളിൽ നിന്നുമുള്ള വരുമാനമെത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ കിൻഫ്ര മൂന്ന് വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി ആന്റ് സി) കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വിവിധ വ്യവസായ പാർക്കുകളിൽ കുറഞ്ഞത് 10 സെന്റ് ഭൂമി മുതൽ വ്യവസായ സംരംഭകർക്ക് വ്യവസായം തുടങ്ങാൻ നൽകുന്നുണ്ട്. ആയതിനാൽ എത്ര യൂണിറ്റുകൾ സ്ഥാപിക്കുവാൻ കഴിയുമെന്ന് അവിടെ വ്യവസായികൾ ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി അനുസരിച്ച് മാത്രമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. തിരുവനന്തപുരം ജില്ലയിലെ മൂന്ന് പാർക്കുകളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) തിരുവനന്തപുരത്തെ മൂന്ന് പാർക്കുകളിൽ കിൻഫ്ര ഇന്റർ നാഷണൽ അപ്പാരൽ പാർക്കിംഗ് മാത്രമാണ് കെട്ടിടം വാടകയ്ക്ക് നൽകുന്നത്. ടി പാർക്കിൽ വാടകയിനത്തിൽ ഒരു മാസം 1,13,275 രൂപ പിരിഞ്ഞുകിട്ടുന്നുണ്ട്.

എറണാകുളം ജില്ലയിലെ കിൻഫ്ര പാർക്കുകൾ

5 [3012] ശ്രീ. ഡി. സുഗതൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എ. പി. അനിൽകുമാർ:
,, ലൂഡി ലൂയിസ്:
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര എറണാകുളം ജില്ലയിൽ ഏതെല്ലാം വ്യവസായ പാർക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്;

(ബി) ഈ ഓരോ പാർക്കിലും എത്ര യൂണിറ്റുകൾ വീതം സ്ഥാപിക്കുവാനുള്ള സൗകര്യങ്ങളുണ്ട്;

(സി) അതിൽ ഓരോന്നിലും എത്ര യൂണിറ്റുകൾ വീതം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ ഒരു എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കും ഒരു ചെറുകിട വ്യവസായ പാർക്കും കിൻഫ്ര നേരിട്ട് സ്ഥാപിച്ചിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly